പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1979 14.07.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തികസ്ഥിതി

ചോദ്യം ഉത്തരം

ഡോ. ടി.എം.തോമസ് ഐസക്
ശ്രീ. എ. പ്രദീപ്കുമാർ
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. ജെയിംസ് മാത്യൂ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക വൽക്കരിക്കുന്നതിനുമായി സർക്കാരിന്റെ മൂലധന നിക്ഷേപം വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; മുൻ സർക്കാരിന്റെ കാലത്ത് മൂലധനമായും വായ്പയായും എന്തു തുക നൽകുകയുണ്ടായിയെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ മൂലധനമായും, വായ്പായിനത്തിലും, കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.ക്ക് മൂലധനമായി 89.70 കോടി രൂപയും വായ്പയിനത്തിൽ 511.13 കോടി രൂപയും നൽകുകയുണ്ടായി. |
| (ബി) | കെ.എസ്.ആർ.ടി.സി യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; 2005-06 കാലഘട്ടത്തിലെ കെ.എസ്.ആർ.ടി.സി യുടെ സഞ്ചിത നഷ്ടം എത്രയായിരുന്നുവെന്നറിയിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ ഓരോ വർഷത്തേയും അംഗികരിക്കപ്പെട്ട വാർഷിക കണക്കുകൾ സർക്കാർ പരിശോധിക്കാറുണ്ട്. 2005- 2006 -ലെ ഓഡിറ്റിൽ അംഗീകരിച്ച വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി യുടെ സഞ്ചിതനഷ്ടം 1618.10 കോടി രൂപയാണ്. |

| | | | |
|---|---|---|---|
| (സി) | എത്ര ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്.; ഇതിൽ 5 വർഷത്തിലധികം പഴക്കമുള്ളവ എത്ര; പുതുതായി എത്ര ബസ്സുകളുടെ ആവശ്യകത കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | 208 **JnNURM** ബസ്സുകൾ ഉൾപ്പെടെ ആകെ 5,910 ബസ്സുകൾ നിലവിൽ സർവ്വീസിന് ഉപയോഗിക്കുന്നുണ്ട്. ഇതിൽ 2,971 ബസ്സുകൾ അഞ്ച് വർഷത്തിലധികം പഴക്കമുള്ളവയാണ്. 502 ബസ്സുകൾ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും 498 ബസ്സുകൾ കണ്ടം ചെയ്ത ബസ്സുകൾക്ക് പകരമായി നിരത്തിലിറക്കുന്നതിനുമായി ആകെ 1,000 ബസ്സുകളുടെ ആവശ്യകത കണക്കാക്കിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ